# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -3232** | **11.12.2014- ൽ മറുപടിക്ക്**

**ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | | മറുപടി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം സ്തംഭിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (ബി) യും (സി) യും | മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കരാർ കമ്പനിക്ക് 2 തവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും റോഡ് നിർമ്മാണം തടസ്സപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് 24.01.2014-ന് കമ്പനിയെ റിസ്ക് & കോസ്റ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി. |
| (സി) | മുൻ കരാറുകാരനുമായുള്ള കരാർ അവസാനിപ്പിച്ചിട്ടുണ്ടോ; | | |
| (ഡി) | ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) യും (ഇ) യും (എഫ്) ഉം | വടക്കാഞ്ചേരി മുതൽ വാളയാർ വരെ ദേശീയപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ.സി കമ്പനി ദേശീയ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ പരാമർശിത റോഡ് ഗതാഗതയോഗ്യമാക്കി നിലനിർത്താമെന്ന് ഏറ്റിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് ഗതാഗത യോഗ്യമാക്കി വരികയാണ്. ദേശീയ പാതയുടെ നിർമ്മാണം പൂർത്തീകരിച്ച ശേഷം കെ.എൻ.ആർ.സി കമ്പനിയെ തന്നെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കാമോ എന്ന വിഷയവും പരിശോധിച്ച് വരികയാണ്. |
| (ഇ) | മുടങ്ങിപ്പോയ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | | |
| (എഫ്) | റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ